It all happens by his grace MAPPILA HERITAGE LIBRARY Access No:451

# ഒരു പൊതുയോഗം.

## അദ്ധ്യക്ഷൻ—

ലോകവിശ്രുതനും, നിഷ്പക്ഷവാദിയും, പണ്ഡിതശിരോമണിയും ആയ അൽ ആലിമുൽഅല്ലാമ: മൌലാനാ കുത്തുബിമുഹമ്മദ് മൌലവി തങ്ങൾ

( അതാലല്ലാഹുബകാഅഹു )

**ഈ ശഅബാൻമാസം 19 വ്യാഴാഴ്ച പകൽ 10-മണിക്ക് പുളിക്കൂൽ പള്ളിമുമ്പിലെ പന്തലിൽവെച്ച്**

കാറിയാടിവെച്ച് കൂടാൻ തീർച്ചപ്പെടുത്തിയ വാദപ്രതിവാദം (ചോദ്യോത്തരം) ഇല്ലാതായിപ്പോയതും, അതിന്നുശേഷം മൌലവിമാർ പ്രസിദ്ധപ്പെടുത്തിയ നോട്ടീസ്സുകളിൽ വലിയ ശക്തിയോടെ മലബാറിലുള്ള മുസലിയാക്കളും കൂട്ടത്തോടെ ഒരുങ്ങുന്നതായാൽകൂടി പുല്ലോളം വകവെക്കാതെ അവരുമായി വാദപ്രതിവാദം നടത്തുമെന്നും മുസലിയാക്കളും അവരുമായി ഒന്നു കൂട്ടിമുട്ടിക്കേണമെന്നും ഞങ്ങളോട് മൌലവിമാർ പരസ്യമായി ഉപദേശിച്ചതുകൊണ്ടും പൊതുജനങ്ങൾക്കു സത്യം മനസ്സിലാക്കികൊടുക്കേണമെന്ന ഞങ്ങളുടെ അത്യാഗ്രഹംകൊണ്ടും നാദാപുരം പോലീസ്സ്റ്റേഷന്നടുത്തുള്ള പുളിക്കൂൽ പള്ളിമുമ്പിലെ വയലിൽ കെട്ടിയുണ്ടാക്കിയ വിശാലമായ പന്തലിൽ വെച്ചു മൌലാനയുടെ മഹനീയാദ്ധ്യക്ഷതയിൽ 7—12—33നു ശഅബാൻമാസം 19 വ്യാഴാഴ്ച പകൽ 10മണിക്ക് യോഗം കൂടുന്നതും ശനിയാഴ്ച അവസാനിക്കുന്നതുമാണ്.

ഈ യോഗത്തിൽ മലബാറിലുള്ള പല പണ്ഡിതശിരോമണികളും സമുദായ നേതാക്കന്മാരും ഉണ്ടാകുന്നതും തൻസീഹ് റി[illegible] അൽ ഇർശാദ് എന്നതുകളിലുള്ള അബദ്ധങ്ങളെപററി ജ: ഇ. വി. മൊയ്തീൻമുസല്യാരും മററും ചോദിക്കുന്നതുമാണ്.

അതുകൊണ്ട് കാര്യാടി മദ്രസത്തുൽ ഇസ്ലാമിയാ അറബിക് മുൻഷിയായ എം. അബ്ദുള്ളകുട്ടിമൌലവിയേയും ചുവടേ ചേർക്കുന്ന മൌലവിമാരേയും സാദരം ക്ഷണിച്ചുകൊള്ളുന്നു.

ജ: എം. വി. മുഹമ്മദ് മൌലവി, ജ: കെ. എം. മൌലവി, ജ: ഉണ്ണീൻ മൌലവി (മങ്കട) ജ: പി. കെ. മൂസാമൌലവി. ജ: പി. എൻ. മുഹമ്മദ്മൌലവി, ജ: പി. പി. ഉണ്ണീൻ കുട്ടിമൌലവി, ജ: ഇ. മൊയ്തുമൌലവി, ജ: എം. സി. സി. അഹമ്മദ് മൌലവി, ജ: എം. സി. സി. അബ്ദുറഹ്മാൻ മൌലവി, ജ: വി. അഹമ്മദ്മൌലവി, ജ: സി. എ. മുഹമ്മദ്മൌലവി, ജ: ടി. കെ. മുഹമ്മദ്മൌലവി, ജ: കെ. സി. കോമുക്കുട്ടിമൌലവി, ജ: കെ. ഉണ്ണീൻമൌലവി, ജ: പി. പി. ഉബൈദുല്ല മൌലവി, ജ: മൌലവി അറബിശംനാട്, ജ: എൻ. മമ്മുമൌലവി, ജ: പി. അബ്ദുൽഖാദർ മൌലവി, ജ: എം. സി സി ഹസൻമൌലവി, ജ: പി. വി. മുഹമ്മദ് മൌലവി. എന്നുവേണ്ട മൌലവികൂട്ടത്തെ ഒട്ടാകെയും ശേഷം സഹോദരന്മാരേയും കൃത്യസമയത്ത് എത്തിച്ചേരുവാൻ സാദരം ക്ഷണിച്ചുകൊള്ളുന്നു.

യോഗസ്ഥലം പോലീസ്സ്റ്റേഷനടുത്താകകൊണ്ട് യാതൊരു ഭയത്തിന്നും അവകാശമില്ല.

നാദാപുരം
29—11—33

പ്രസിഡണ്ട്
സ്വീകരണസംഘം.

MAPPILA DOCUMENT
www.mappilaheritagelibrary.com